(സി) ഇവരിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ളവർ എത്ര; കരാർ, ഡെപ്യൂട്ടേഷൻ, പി.എസ്.സി. മുഖേനയുള്ളവർ എത്രവീതം; കാറ്റഗറി തിരിച്ച് വ്യക്തമാക്കുമോ;

(ഡി) കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടവർ ഏതെല്ലാം സംവരണ സമുദായത്തിൽപ്പെട്ടവരാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പി.എസ്.സി. മുഖേനയും ഡെപ്യൂട്ടേഷൻ വഴിയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും കരാർ അടിസ്ഥാനത്തിലും (ഏജൻസിമുഖേനയും അല്ലാതെയും) നിയമനം നടത്തിയിട്ടുണ്ട്. ഇതുകൂടാതെ ചില ആശ്രിത നിയമനങ്ങളും സ്പോർട്സ് ക്വാട്ടയിൽ ഒരു നിയമനവും നടത്തിയിട്ടുണ്ട്.

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന - 109
കരാർ മുഖേന - 89
ഡെപ്യൂട്ടേഷൻ മുഖേന - 22
പി.എസ്.സി. മുഖേന - 62

കാറ്റഗറി തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഡി) കരാർ അടിസ്ഥാനത്തിലെ നിയമനങ്ങളിൽ സംവരണമാനദണ്ഡങ്ങൾ നോക്കിയിട്ടില്ല.

**149 (1370) ഹൗസിംഗ് ബോർഡിന്റെ വീട് ലഭിച്ചവർക്ക് പട്ടയം നൽകാൻ നടപടി**

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് മുഖേന പട്ടം വൃന്ദാവനം ഹൗസിംഗ് കോളനിയിലെ വീട് ലഭിച്ചവർ സ്ഥലത്തിന്റെയും കെട്ടിടത്തിന്റെയും മൊത്തം തുകയും അടച്ചുകഴിഞ്ഞ് വർഷങ്ങളായിട്ടും സ്ഥലത്തിന്റെ ഉടമസ്ഥത തെളിയിക്കുന്നതിനാവശ്യമായ പട്ടയം നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ഈ കോളനിയിൽ ആർക്കെങ്കിലും പട്ടയം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) പട്ടയം ലഭിക്കാത്തവർക്ക് പട്ടയം നൽകാൻ നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) 7.10.1998 ലെ ബോർഡുയോഗം, വൃന്ദാവനം ഭവന പദ്ധതിയിൽ അന്തിമ വില നിർണ്ണയിക്കുകയും പട്ടയം നൽകാൻ തീരുമാനിക്കുകയും ചെയ്തു. ഈ വിലനിർണ്ണയത്തിന്റെ അപാകതകൾ ചോദ്യംചെയ്തുകൊണ്ട് അലോട്ടിയായ ശ്രീ. കൊച്ചിപ്പൽ തിരുവനന്തപുരം പ്രിൻസിപ്പൽ സബോർഡി

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

നേറ്റ് കോടതിയിൽ ഫയൽ ചെയ്ത കേസിന്റെ അന്തിമവിധിയായിട്ടില്ല. തുടർന്ന് 20.10.1998 ലെ ബോർഡ് തീരുമാനപ്രകാരം വിലയാധാരം അത്യന്താപേക്ഷിതമായുള്ളവർക്ക് താല്ക്കാലിക വിലയുടെ 30% കൂടി അധികമായി വസൂലാക്കിക്കൊണ്ട് വ്യവസ്ഥകൾക്കു വിധേയമായി സമ്പൂർണ്ണ വിലയാധാരം നല്കാനുള്ള സംവിധാനം ബോർഡിൽ നിലവിലുണ്ട്.

(ബി) ഈ കോളനിയിലെ 10 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു.†

(സി) എൽ.എ.ആർ. കേസിന്റെ അന്തിമവിധി ആകാത്തതിനാൽ വസ്തുവിന്റെ താൽക്കാലിക വിലയുടെ 30% കൂടി അധികമായി അടയ്ക്കുന്നവർക്ക് പട്ടയം നൽകുന്നതാണ്. അന്തിമവില തിട്ടപ്പെടുത്തുമ്പോൾ അധികം അടച്ച തുക 8% പലിശ ഉൾപ്പെടെ മടക്കിക്കൊടുക്കുന്നതാണ്. ഏതെങ്കിലും കാരണവശാൽ കൂടുതൽ തുക അലോട്ടി അടയ്ക്കേണ്ടതായി വന്നാൽ ആ തുക അടച്ചുകൊള്ളാമെന്ന് ഒരു ഇൻഡമിനിറ്റി ബോണ്ട് കൂടി അലോട്ടി വയ്ക്കേണ്ടതാണ്.

**150 (1371) ഹൗസിംഗ് ബോർഡിന്റെ പ്രവർത്തനങ്ങൾ**

ശ്രീ. ഇസ്ഹാക് കുരിക്കൾ :

ശ്രീ. സി.ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് പുതുതായി ഏതെങ്കിലും നിർമ്മാണ പ്രവൃത്തികൾ തുടങ്ങിയിട്ടുണ്ടോ;

(ബി) എങ്കിൽ എവിടെയെല്ലാം;

(സി) ഇല്ലെങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് പുതുതായി തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്.

1) പൊതു ഭവന നിർമ്മാണ പദ്ധതി

സ്വന്തമായി വീടില്ലാത്തവർക്കും വീടോ, ഫ്ളാറ്റോ, വികസിത ഫ്ളാറ്റോ നിർമ്മിച്ചു നൽകുന്ന ഈ പദ്ധതിപ്രകാരം താഴെ പറയുന്ന പദ്ധതികളുടെ നിർമ്മാണം ആരംഭിച്ചു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly